# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - നവംബർ 2016

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### 1. മതാധ്യാപകദിനം നവംബർ 4

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 6-ാം തീയതി മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ കൊടുക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

### 2. ജനറൽ / മോഡൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും 25 ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ നവംബർ മാസം അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ 4-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽ നിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 3. ക്രിസ്മസ് പരീക്ഷ ഡിസംബർ 18

ക്രിസ്മസ് പരീക്ഷ ഡിസംബർ 18ന് ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട ഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11വരെയുള്ള അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII<br><br>ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം<br>പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ<br>6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 2: 1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 4. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

**a.** ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2016-2017 എന്ന തലക്കെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**b.** എല്ലാവർഷവും ചെയ്യുന്നതുപോലെ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിലും വിവരങ്ങൾ ചേർത്ത് ഡിസംബർ 30നകം ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം തരുന്നതാണ്.

**c.** വെബ്സൈറ്റിൽ ചേർത്തിരിക്കുന്ന ക്രമത്തിലാണ് രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കേണ്ടത്.

**5. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്**

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2017 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

**6. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്**

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഈ കാര്യത്തെകുറിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

**7. രാജത്വതിരുനാൾ - നവംബർ 20**

മിശിഹായുടെ രാജത്വതിരുനാൾ ദിനമായ നവംബർ 20-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**8. ആസ്പെക്ട് ക്ലാസ്**

അധ്യാപർക്കായി ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടാമത്തെ ഏകദിന സെമിനാർ "ഭാരത കത്തോലിക്ക സഭ ഇന്നലെയും ഇന്നും" എന്ന സഭാചരിത്രഗ്രന്ഥത്തെക്കുറിച്ചുള്ള പഠനമായിരിക്കും. ഡിസംബർ 4,11, 12 എന്നീ തീയതികളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെയായിരിക്കും ക്ലാസ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**9. വിഷൻ & മിഷൻ**

ദൈവവിളി പ്രോത്സാഹനാർത്ഥം പത്താം ക്ലാസ്സിലെ കുട്ടികൾക്കായി അതിരൂപതാ വൊക്കേഷൻ ബ്യൂറോ നടത്തുന്ന വിഷൻ & മിഷൻ ക്ലാസ്സുകളിൽ 10-ാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും പറഞ്ഞയക്കേണ്ടതാണ്. ക്ലാസ് ടീച്ചറും കുട്ടികളോടൊപ്പം പോകേണ്ടതും മുഴുവൻ സമയവും കുട്ടികളോടൊപ്പം ആയിരുന്ന് അവരെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ക്ലാസ്സ് ടീച്ചേഴ്സിന് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുമല്ലോ.

**10. ദൈവശാസ്ത്രകോഴ്സ് (Lumen Ecclesiae)**

രജിസ്റ്റർ ചെയ്തതിന് ശേഷം ഏതെങ്കിലും കാരണത്താൽ പഠനം മുടങ്ങിയവർ ഓഫീസുമായി ബന്ധപ്പെട്ടാൽ അവർക്ക് സ്പെഷ്യൽ ക്ലാസുകൾ നല്കി പഠനം പൂർത്തിയാക്കുവാൻ സഹായിക്കുന്നതാണ്. കൂടാതെ ഫീസുകൾ അടക്കാൻ ബാക്കിയുള്ളവർ എത്രയും വേഗം കാറ്റക്കിസം ഓഫീസിൽ അടക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ വേണ്ട നടപടികൾ സ്വീകരിച്ച് സഹകരിക്കുമല്ലോ. **കാറ്റക്കിസം ഓഫീസ് വഴിയുള്ള ദൈവശാസ്ത്രകോഴ്സിന്റെ രജിസ്ട്രേഷൻ ഈ സെമസ്റ്ററോടെ അവസാനിച്ചിരിക്കുന്നു. ദൈവശാസ്ത്രകോഴ്സ് പഠിക്കാൻ ആഗ്രഹിക്കുന്നവർ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്.**

**11. കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർവില, ബുള്ളറ്റിൻ**

2016-2017 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, അതിരൂപതാ ബുള്ളറ്റിൻ, ആസ്പെക്ട് പുസ്തകം എന്നിവയുടെ തുകകൾ നവംബർ 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കു വഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder: Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**12. ഡയറക്ടറച്ചന്റെ സന്ദർശനം**

മണക്കടവ്, ഉദയഗിരി, മുള്ളേരിയ, ദേലംപാടി എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ